ആലപ്പുഴയിൽ നടന്ന ടിബി മീറ്റിന്റെ ഏറ്റവും വലിയ ആകർഷണം വിസ്മയങ്ങളും വർണ്ണങ്ങളും വാരിവിതറിയ നാട്യയായിരുന്നു. ഇന്ത്യയിലെ 35 നൃത്തരൂപങ്ങൾ 181 കലാകാരന്മാർ ചേർന്ന് ഒരു മണിക്കൂർ 55 മിനിറ്റ് കൊണ്ട് തുടർച്ചയായി അവതരിപ്പിച്ച നാട്യ ഏവരിലും വിസ്മയം ഉളവാക്കി. ടിബിയു ടെ മുൻകാലദളങ്ങളായ നീതു ദാസും അശ്വതി ഗോപനും ആണ് ഒന്നാമതായും രണ്ടാമതായും വേദിയിൽ എത്തിയത്. തുടർന്ന് വന്നതെല്ലാം ഗ്രൂപ്പിനങ്ങളായിരുന്നു. അതിനിടയിൽ ഒറ്റയ്ക്ക് ഒരു പ്രകടനവുമായി എത്തിയ ഒരു കലാകാരിയും ഉണ്ടായിരുന്നു. കേരളനടനം വളരെ ആകർഷകമായ രീതിയിൽ വേദിയിൽ അവതരിപ്പിച്ച ആ കലാകാരിയിലൂടെയാണ് മീറ്റിന് ശേഷമുള്ള ആദ്യ ദളം വിടരുന്നത്.

സവിത മേനോൻ.ആർ
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
സിവിൽ സ്റ്റേഷൻ ശാഖ
പാലക്കാട്.

പാലക്കാട് സ്വദേശിയും മനശാസ്ത്രജ്ഞനുമായ ഡോക്ടർ രഘുനാഥ് പാറക്കലിന്റെയും റിട്ടയേർഡ് അധ്യാപികയായ ഉഷയുടെയും ഏക മകൾ. പത്താം ക്ലാസ് വരെ ചിറ്റൂർ വിജയമാതാ കോൺവെന്റിലും തുടർന്ന് പ്ലസ് ടു കൊടുവായൂർ ഹയർസെക്കൻഡറി സ്കൂളിലുമായി സ്കൂൾ വിദ്യാഭ്യാസം. നെന്മാറ എൻ എസ് എസ് കോളേജിൽ ആയിരുന്നു സവിതയുടെ തുടർ പഠനം.

സ്കൂളിൽ പഠിക്കുമ്പോൾ കലാ വിഭാഗത്തിൽ ആയാലും കായിക വിഭാഗത്തിൽ ആയാലും എല്ലാ മത്സരങ്ങളിലും സവിത പങ്കെടുത്തിരുന്നു. ചിറ്റൂർ സബ് ജില്ലയിലെ കലാതിലകമായി ഹാട്രിക് നേടിയിരുന്നു. നാടകത്തിൽ ഏറ്റവും നല്ല അഭിനേത്രി, മാത്സ് ഫെയറിൽ സംസ്ഥാനതലത്തിൽ രണ്ടാം സമ്മാനം, സ്കൂളിലെ ബാൻഡ് സെറ്റിൽ ട്രമ്പറ്റ് വായിച്ച് സംസ്ഥാനതലത്തിൽ അംഗീകാരം. പ്ലസ് ടു വിദ്യാഭ്യാസകാലത്ത് നാടോടി നൃത്തത്തിന് ജില്ലയിൽ ഒന്നാം സമ്മാനം, ബിരുദ വിദ്യാഭ്യാസ കാലത്ത് മോണോ ആക്ടിൽ എ സോൺ വിജയി... അങ്ങനെ പഠനകാലത്ത് പറഞ്ഞാൽ തീരാത്ത അംഗീകാരങ്ങൾ.

നൃത്തവും സംഗീതവും ഒക്കെ കുട്ടിക്കാലത്തേ അഭ്യസിച്ചു തുടങ്ങിയിരുന്നു. അമ്മ അധ്യാപികയായിരുന്നതുകൊണ്ട് അമ്മയുടെ പരിചയത്തിലുള്ള നിരവധി പേർ കലാരംഗത്ത് അധ്യാപകരായി. പഠനം പൂർത്തിയാകുമ്പോഴേക്കും വിവാഹം.

ആദ്യ കുട്ടിയുടെ ജനനത്തിന് തൊട്ടുമുമ്പുള്ള കാലത്താണ് ബാങ്കിൽ ജോലി നേടുന്നത്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കോയമ്പത്തൂർ രാംനഗർ പേർസണൽ ബാങ്കിംഗ് ബ്രാഞ്ചിൽ ആയിരുന്നു ആദ്യ നിയമനം.തുടർന്ന്

കേരളത്തിനോട് ചേർന്നുള്ള പ്രദേശമായ നവക്കര,പിന്നീട് ഒറ്റപ്പാലം,പുതുശ്ശേരി എന്നീ ശാഖകളിലൂടെ ഇപ്പോഴത്തെ സിവിൽ സ്റ്റേഷൻ ശാഖയിൽ.
സഹപ്രവർത്തകയായ അഞ്ജന വഴിയാണ് ടാലന്റഡ് ബാങ്കേഴ്സ് കൂട്ടായ്മയെക്കുറിച്ച്അറിയുന്നതും അതിലേക്ക് വരുന്നതും. കോഴിക്കോട് നടന്ന നാലാമത് ടിബി മീറ്റിൽ നങ്ങേലിയായി ഒരു നാടോടി നൃത്തവും അഞ്ജനയ്ക്കൊപ്പംഒരു ശിവതാണ്ഡവ നൃത്തവും അവതരിപ്പിച്ചു കൊണ്ടാണ് ടി ബി വേദിയിലെ ആദ്യ പ്രകടനം.

അഞ്ചുമാസം ഗർഭിണി ആയിരിക്കുമ്പോഴാണ് കോട്ടയം മീറ്റിൽ പങ്കെടുക്കുന്നതും ഒറ്റയ്ക്ക് ഒരു നൃത്തം അവതരിപ്പിക്കുന്നതും. ശ്രീ കാവാലം നാരായണപ്പണിക്കർ സാറിന്റെ വടക്കത്തിപ്പെണ്ണാളേ.... എന്ന ഗാനത്തിനാണ് അന്ന് ചുവട് വച്ചത്. ആ അവസ്ഥയിൽ നൃത്തം അവതരിപ്പിക്കാൻ കാട്ടിയ മനോധൈര്യത്തെ പുകഴ്ത്തി ധാരാളം പേർ അന്ന് സംസാരിച്ചത് ഇന്നും ഓർമ്മയിലുണ്ട്.

ആലപ്പുഴ മീറ്റിന് പങ്കെടുക്കാനുള്ള തയാറെടുപ്പിനിടയിലാണ് മമിത വിളിച്ച് കേരള നടനത്തെ കുറിച്ച് സംസാരിച്ചത്.
നാട്യയിലെ മിക്ക ഇനങ്ങളും ഗ്രൂപ്പായാണ് അവതരിപ്പിച്ചിരുന്നതെങ്കിലും കേരളനടനം ഒറ്റയ്ക്ക് വേണം എന്നുള്ളത് കൊണ്ട് ഇത്തിരി ആശങ്ക മനസ്സിൽ ഉണ്ടായിരുന്നു. സ്കൂൾ കോളേജ് തലത്തിൽ കേരളനടനം കളിച്ചിട്ടുള്ള ഒരു ധൈര്യത്തിൽ സ്വയം പരിശീലനം തുടങ്ങുകയും ഒടുവിൽ വേദിയിൽ ഭംഗിയായി അവതരിപ്പിക്കാൻ കഴിയുകയും ചെയ്തതിന്റെ ആനന്ദത്തിലാണ് സവിത.

ഇനി മമിതയുടെ വാക്കുകളിലേക്ക്.. ഒറ്റക്കുള്ള ഇനങ്ങൾ അവതരിപ്പിക്കാൻ ചില മുഖങ്ങൾ മനസ്സിൽ തെളിഞ്ഞതിൽ ഒന്നായിരുന്നു സവിത. കോഴിക്കോട്ടെയും കോട്ടയത്തെയും പ്രകടനങ്ങൾ കണ്ട ഓർമയിൽ മുഖത്ത് ഭാവഭേദങ്ങൾ പ്രകടിപ്പിക്കാനുള്ള സവിതയുടെ അസാമാന്യ വൈഭവം ആണ് അതിലേക്ക് നയിച്ചത്. ആ തെരഞ്ഞെടുപ്പ് തെറ്റിയില്ല എന്ന് തെളിയിക്കുന്നതായിരുന്നു സവിതയുടെ പ്രകടനം. ദ്രൗപതിയായി വേദിയിൽ നിറഞ്ഞാടിയ സവിതയുടെ പ്രകടനം ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സ് പ്രതിനിധി ശ്രീ സാം ജോർജ് പ്രത്യേക പരാമർശിച്ചത് ഉളവാക്കിയ സന്തോഷം ചെറുതല്ല എന്ന് സവിത.

വിദേശത്ത് ജോലിയുള്ള ശ്രീകാന്ത് ആണ് സവിതയുടെ ജീവിതപങ്കാളി. പത്താം ക്ലാസ് വിദ്യാർത്ഥിനിയായ ശ്രീലക്ഷ്മി ശ്രീകാന്തും ഒരു വയസ്സും എട്ടുമാസവും പ്രായമുള്ള ഋഗ്വേദ് ശ്രീകാന്തും കലയോട് ഏറെ താല്പര്യമുള്ളവരാണ്.
നൃത്തത്തോട് ഏറെ അഭികാമ്യമുള്ള മകളുടെ ഭരതനാട്യം അരങ്ങേറ്റം ഈയിടെയാണ് കഴിഞ്ഞത്. മകന് ചെണ്ടയും പാട്ടും ഒക്കെ വളരെയധികം ഇഷ്ടമാണ്. അവധി ദിവസങ്ങൾ മകനും മകളും കൂടി പാട്ടും നൃത്തവും

ഒക്കെ ആയാണ് കഴിയുന്നത് എന്ന് പറയുമ്പോൾ സവിതയുടെ വാക്കുകളിൽ അഭിമാനം.

കേരളത്തിന്റെ തനത് കലകൾ ഇന്നത്തെ തലമുറയ്ക്ക് വേണ്ടത്ര പരിചയമില്ലാതെ പോകുന്നു എന്നത് സവിതയുടെ ഉള്ളിൽ ഒരു ചെറിയ നൊമ്പരമായി നിൽക്കുന്നുണ്ട്. പഴയ തനത് കലാരൂപങ്ങളിൽ പുതിയ തലമുറയ്ക്ക് കൂടുതൽ താല്പര്യം ഉണ്ടാക്കുന്നതിനു വേണ്ടി എന്തെങ്കിലുമൊക്കെ ചെയ്യണമെന്ന് സവിത താല്പര്യപ്പെടുന്നു. അത്തരത്തിലുള്ള ബോധവൽക്കരണത്തിനു വേണ്ടി ചെറിയ നൃത്ത നാടകങ്ങൾ പോലെ വേദിയിൽ അവതരിപ്പിക്കുക എന്നത് ഒരു സ്വപ്നമാണ്. വർഷത്തിൽ ഒരെണ്ണമെങ്കിലും അങ്ങനെ അവതരിപ്പിക്കാനുള്ള ശ്രമത്തിലാണ് സവിത.

നൃത്തവും അഭിനയവുമായി മുന്നോട്ട് പോകാൻ ആഗ്രഹിക്കുന്ന സവിത കൂടുതൽ ഉയരങ്ങളിൽ എത്തട്ടെ എന്ന് ടി ബി കുടുംബം ആശംസിക്കുന്നു.

---------------------------------------------------------------------------------------------
തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), Retired - സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ

English version: Drisya Saseendran , Union Bank of India, Regional Office, Udupi

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം
---------------------------------------------------------------------------------------------

The most arresting attraction of the TB Meet held in Alappuzha was Naatya, which diffused wonder and hues profusely.

The event witnessed 181 artists presenting 35 Indian dance forms sequentially within one hour and fifty five minutes, leaving everyone awe-struck.The performances of Neethu Das and Aswathy Gopan who have already been featured through this column were staged first and second.

Group items followed these performances.Amid all the invigorating performances emerged an artist with a solo performance, portraying her irrefutable resolve.

This week, it is on this talented banker who presented Kerala Natanam on stage, that we put our spotlight on.

Savitha Menon.R,
State Bank of India,

Civil Station Branch,
Palakkad.

She was born unto Dr. Raghunath Parakkal, a psychologist and a native of Palakkad, and Mrs Usha, a retired teacher.

She had her formative years of education at Chittur Vijayamatha Convent till 10th grade and then pursued Plus Two at Koduvayur Higher Secondary School. Her higher studies were at NSS College, Nemmara where her talents continued to burgeon.

At school, Savitha participated in almost every competition be in arts or sports, with alacrity and indefatigable spirit.She won the title of Kalathilakam of the Chittur sub-district; a testament to her prodigious talent.

Also, she won title of best actress in drama, second prize at the state level Maths Fair, and gained recognition at state level for playing trumpet in the school band.When pursuing her Plus Two course, she won first prize in folk dance at the district level and during graduation, she became A-Zone winner in mono act.Innumerable and laudable recognitions became part of her life.

She had begun learning dance and music from a tender age .Since her mother was a teacher,her acquaintances became Savitha's art instructors, creating a conducive and salutary environment for her artistic growth.

By the time she completed her studies, she got married.She secured her bank job shortly before the birth of her first child.

Her first appointment was at the State Bank of India's Coimbatore Ramnagar Personal Banking Branch, where her professional journey commenced. Later, after her tenure at Navakkara, a region close to Kerala, she was transferred to Ottappalam and Pudusseri branches, before she joined civil Station Branch, where she works at present.

Her colleague Anjana motivated her to become a member of Talented Bankers community.

Her first performance on the stage of Talented Bankers was during fourth Meet held at Kozhikode.She performed a folk dance acting out her role as Nangeli and a Shiva Thandava dance alongside Anjana.

To everyone's surprise , she participated in the Kottayam Meet and performed a solo dance when she was five months into the family way, On that day, she danced to Sri Kavalam Narayana Panicker's song "Vadakkathi Pennale". She still remembers people

praising the resolute mental strength she displayed while dancing.

When her preparations for the Alappuzha Meet were underway, Mamitha called her to discuss about performing Kerala Natanam.The idea that Kerala Natanam had to be performed solo created a slight apprehension in her mind.

Her confidence which stemmed from performing Kerala Natanam during school and college acted as a driving force .She began self-practice and finally experienced euphoric happiness after presenting on stage.

Mamitha’s words offer a lucid perspective .

When Mamitha had her thoughts as to which artist is to be called for solo performance, she immediately remembered about Savitha. The memory of Savitha’s Kozhikode and Kottayam performances and her ability to manifest changing emotions on her face in particular,guided her path to Savitha.Savitha’s performance proved that the selection was not erroneous.

Savitha recounts that her joy was immense when India Book of Records representative Mr Sam George made a special mention of her scintillating performance as Draupadi.

Sreekanth, who works abroad, is the better half of Savitha .Their daughter Sreelakshmi Sreekanth, a Class 10 student, and their one-year-eight-month old son Rigved Sreekanth also have an innate interest in art.Their daughter, who has a deep predilection for dance, recently completed her debut performance.Their son has a strong penchant for chenda and music.

When Savitha says that her son and daughter spends holidays immersing themselves in songs and dance, her words carry palpable pride.

Savitha carries a poignant sorrow that today’s generation is not amply familiar with Kerala’s indigenous art forms.

She wishes to do something constructive, like presenting small dance dramas on stage to create such awareness and to instill interest among the younger generation in traditional art forms.

The TB family wishes that Savitha attains the apogee of artistic excellence.